**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1725** | **08-02-2023 - ൽ മറുപടിയ്ക്ക്**

**കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷ സിലബസ് പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | 20.08.2022-ലെ സ.ഉ.(കയ്യെഴുത്ത്)403/2022/ എച്ച്.ഇ.ഡി.എൻ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് ഇംഗ്ലീഷ്, മലയാളം എന്നിവയുടെ പരിഷ്കരിച്ച സിലബസ് അനുസരിച്ച് കമ്പ്യൂട്ടർ മുഖേന പരീക്ഷ നടത്തണമെന്നത് പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് കെ.ജി.റ്റി.ഇ. മാനേജ്മെന്റ് അസ്സോസ്സിയേഷൻ നൽകിയ അപേക്ഷയിൽ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;പ്രസ്തുത അപേക്ഷയിൽ അന്തിമ തീർപ്പുണ്ടായിട്ടുണ്ടോ; എങ്കിൽ അന്തിമ തീരുമാനം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | KGTE type writing course (commerce group) -ന്റെ സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് 30/11/22 ൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ KGTE മാനേജ്മെന്റ് അസോസിയേഷൻ പ്രതിനിധികളുമായി ഒരു യോഗം കൂടിയിരുന്നു. യോഗത്തിൽ പുതിയ സിലബസ് പ്രകാരം പരീക്ഷകൾ കമ്പ്യൂട്ടറിൽ മാത്രമായി മാറ്റിയതിനാൽ കുട്ടികൾക്ക് ടൈപ്പ് റൈറ്റിംഗിലുള്ള നൈപുണ്യം കുറയുമെന്ന് സംഘടനഭാരവാഹികൾ അഭിപ്രായപ്പെട്ടിരുന്നു. ആയതിനാൽ അംഗീകൃത ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും പരിശീലനം നേടിയാൽ മാത്രമേ പരീക്ഷ എഴുതുവാൻ അനുവദിക്കാവൂ എന്നും ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് അംഗീകാരം നൽകുന്നില്ല എന്നും ആയതിനാൽ അഫിലിയേഷൻ ഫീസ് ഏർപ്പെടുത്തി സ്ഥാപനങ്ങൾക്ക് അംഗീകാരം നല്കിയാൽ നിലവിൽ ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്നും അഭിപ്രായപ്പെട്ടിരുന്നു.<br><br>ടി നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള മിനിറ്റ്സ് 17/01/2023 - ലെ ജെ1/369/2022/ ഉ.വി.വ കത്ത് പ്രകാരം സർക്കാർ അംഗീകരിച്ചിരുന്നു. ടി വിഷയത്തിൽ തുടർ നടപടികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച് വരുന്നു. |
| (ബി) | 20.08.2022-ലെ ഉത്തരവ് പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും ആരെല്ലാമാണ് അപേക്ഷകൾ നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 4 അപേക്ഷകളാണ് വകുപ്പിൽ ലഭിച്ചത്. അപേക്ഷ നൽകിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. All kerala Commercial Institute Association<br><br>2. Commercial Institute Network of Kerala |

| | | | |
|---|---|---|---|
| | | | 3. Typewriting & Computer Institute owners welfare Association, Thiruvananthapuram<br><br>4. Commercial & Computer Institute Association |
| (സി) | 20.08.2022-ലെ സിലബസ് പരിഷ്കരണ ഉത്തരവ് പ്രകാരം കെ.ജി.റ്റി.ഇ.(കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് &വേഡ് പ്രോസസ്സിംഗ് പരിഷ്കരിച്ച പരീക്ഷ എങ്ങനെയാണ് നടത്തുന്നത് എന്നത് സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ; | (സി) | കെ.ജി.ടി.ഇ ടൈപ്പ് റൈറ്റിംഗ് (കോമേഴ്സ് ഗ്രൂപ്പ്) -ന്റെ അടുത്ത പരീക്ഷ പഴയ സിലബസ്സ് അനുസരിച്ച് നടത്തുന്നതിനും അതിനു ശേഷം പുതിയ സിലബസ് അനുസരിച്ച് പരീക്ഷ നടത്തുന്നതിനും പരീക്ഷാഭവന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>(പകർപ്പ് അനുബന്ധമായി ചേർക്കുന്നു) |
| (ഡി) | 20.08.2022-ലെ സിലബസ് പരിഷ്കരണ ഉത്തരവ് കാരണം കെ.ജി.റ്റി.ഇ.(കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് സിലബസ് പരിഷ്കരണം പ്രകാരമുള്ള പരീക്ഷ എങ്ങനെയാണ് നടത്തുന്നത് എന്നത് സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഉത്തരവുകളോ സർക്കുലറുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ;എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ; | (ഡി) | കെ.ജി.ടി.ഇ ടൈപ്പ് റൈറ്റിംഗ് (കോമേഴ്സ് ഗ്രൂപ്പ്) -ന്റെ അടുത്ത പരീക്ഷ പഴയ സിലബസ്സ് അനുസരിച്ച് നടത്തുന്നതിനും അതിനു ശേഷം പുതിയ സിലബസ് അനുസരിച്ച് പരീക്ഷ നടത്തുന്നതിനും പരീക്ഷാഭവന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>(പകർപ്പ് അനുബന്ധമായി ചേർക്കുന്നു) |
| (ഇ) | 20.08.2022-ലെ ഉത്തരവ് പ്രകാരം കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ്& കമ്പ്യൂട്ടർ വേഡ് പ്രോസ്സസ്സിംഗ് പരീക്ഷ നടത്തിപ്പ് പരീക്ഷാഭവനിൽ നിന്ന് മാറ്റി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കൊണ്ടുവരുന്നതിന് ആലോചനയുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

/5577150/2023

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്

നമ്പർ. ജെ1/262/2022/ഉ.വി.വ. 19-01-2023,തിരുവനന്തപുരം

പ്രേഷിതൻ

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്

സെക്രട്ടറി,
പരീക്ഷാ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം.

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസം - കെ.ജി.ടി.ഇ ടൈപ്പ് റൈറ്റിംഗ് (കൊമേഴ്സ് ഗ്രൂപ്പ്) - ന്റെ അടുത്ത പരീക്ഷ പഴയ സിലബസ് അനുസരിച്ച് നടത്തുന്നതിന് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1.20.08.2022 - ലെ സ.ഉ(കൈ) നം.403/2022/ഉ.വി.വ
2.26.12.2022 - ലെ താങ്കളുടെ കത്ത് നമ്പർ. EX/H6/40099/2022/CGE.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കെ.ജി.ടി.ഇ ടൈപ്പ് റൈറ്റിംഗ് (കൊമേഴ്സ് ഗ്രൂപ്പ്) - ന്റെ അടുത്ത പരീക്ഷ പഴയ സിലബസ് അനുസരിച്ച് നടത്തുന്നതിനും അതിനു ശേഷം പുതിയ സിലബസ് അനുസരിച്ച് പരീക്ഷ നടത്തുന്നതിനും നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,
RAJESH M
ഡെപ്യൂട്ടിസെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

<u>പകർപ്പ്:-</u>

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

അംഗീകാരത്തോടെ

Signed by
Salini.p
Date: 19-01-2023 10:49:35
സെക്ഷൻ ഓഫീസർ

Salini
സെക്ഷൻ ഓഫീസർ